## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1656

21-01-2014 ൽ മറുപടിയ്ക്ക്

### തരിശ് വയലുകളിൽ കൃഷിയിറക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃഷി ചെയ്യാതെ തരിശിടുന്ന വയലുകളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് 19386.5463 ഹെക്ടർ കൃഷി ചെയ്യാതെ തരിശിടുന്ന വയലുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | തരിശുവയലുകളിൽ കൃഷിയിറക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. പരമാവധി തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൈക്കൊണ്ടിട്ടുള്ളത്. നിലവിൽ നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവ കൃഷി ചെയ്തു വരുന്നു. നെൽകൃഷിയെ സംബന്ധിച്ച് 2006-2007 സാമ്പത്തികവർഷം മുതൽ 2009-2010 വരെ സംസ്ഥാനത്താകെ 31840 ഹെക്ടർ തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കിയിട്ടുണ്ട്. 2011-2012 മുതൽ 2012-2013 വർഷം വരെ 4780.4 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി. നടപ്പു വർഷം (2013-2014) 2390.38 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | ഇത്തരം വയലുകളിൽ വൻതോതിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. ചില പ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പ്ലാസ്റ്റിക്കും മറ്റ് ചപ്പ് ചവറുകളുമാണ് തരിശുവയലുകളിൽ നിക്ഷേപിക്കുന്നതായി കണ്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | തരിശ് വയലുകളിൽ മാലിന്യം നിക്ഷേപിക്കുന്ന തിനെതിരെ കർശനമായ നടപടി സ്വീകരിക്കുമോ? | (ഡി) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് തരിശുവയലുകളിൽ മാലിന്യം നിക്ഷേപിക്കുന്ന പ്രവർത്തന ങ്ങളുടെ വിവരം പ്രാദേശിക തല നിരീക്ഷണ സമിതികൾ പരിശോധിക്കുകയും തുടർ നടപടികൾ ക്കായി ബന്ധപ്പെട്ട ആർ.ഡി.ഒ യ്ക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ